നം. സി.ഇ.ഇ/4848/2013/ KEAM -2014/ TA.1

**കേരള സർക്കാർ**

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# പത്രക്കുറിപ്പ്

## കേരളാ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം-2014 മാർക്ക് ഡാറ്റാ സമർപ്പണം

2014 ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴുകളിലേയ്ക്ക് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി യോഗ്യതാ പരീക്ഷയുടെ മാർക്ക് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അതിനുശേഷം ഈ മാർക്കിന്റെ പ്രിന്റൗട്ടും **HSE, VHSE, CBSE, CISCE** എന്നീ ബോർഡുകളിൽ നിന്നും 2014-ൽ ലഭിച്ച മാർക്ക് സ്വയം സാക്ഷ്യപ്പെടുത്തി ഇതോടൊപ്പം സമർപ്പിക്കേണ്ടതാണ്. ആർക്കിടെക്ചർ കോഴ്സിനെ സംബന്ധിച്ച്, മേൽപ്പറഞ്ഞ രേഖകൾക്ക് പുറമെ സ്വയം സാക്ഷ്യപ്പെടുത്തിയ NATA സ്കോറിന്റെ പ്രിന്റൗട്ടും ഇതോടൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്. മറ്റു ബോർഡുകളിൽ നിന്നുള്ളതും 2014 നു മുൻപ് യോഗ്യതാ പരീക്ഷ പാസ്സായതുമായ വിദ്യാർത്ഥികൾ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്ത് സമർപ്പിക്കേണ്ടതാണ്.

എഞ്ചിനീയറിംഗിനു കൂടാതെ ആർക്കിടെക്ചർ കോഴ്സിനും കൂടി പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓരോ കോഴ്സിനും പ്രത്യേകമായി ഓൺലൈൻ മാർക്ക് ഡാറ്റാ സമർപ്പണം നടത്തേണ്ടതും മാർക്ക് ഡാറ്റയുടെ പ്രിന്റൗട്ടുകളും യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പുകളും ഓരോ കോഴ്സിനും പ്രത്യേകമായി സമർപ്പിക്കേണ്ടതുമാണ്. രണ്ടു കോഴ്സുകൾക്കും കൂടി ഒരുമിച്ചു ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കാൻ കഴിയുകയില്ല.

ഓൺലൈൻ മാർക്ക് ഡാറ്റാ ഷീറ്റിന്റെ പ്രിന്റൗട്ട് ഉൾക്കൊള്ളിക്കാത്ത അപേക്ഷകളൊന്നും തന്നെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് പരിഗണിക്കുന്നതല്ല.

ഫാക്സ്, ഇ-മെയിൽ എന്നിവ മുഖേന ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
19.05.2014